**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 147** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കാർഷിക മേഖലയിലെ വനിതാ പങ്കാളിത്തം</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. റെജി ചെറിയാൻ | ശ്രീ. ടി. സിദ്ദീഖ് |
| ശ്രീ. തോമസ് ഉണ്ണിയാടൻ | (കൃഷി വകുപ്പ് മന്ത്രി) |
| ശ്രീ. വർഗ്ഗീസ് മാമ്മൻ | |

**(എ)** വനിതകൾക്കിടയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക മേഖലയിൽ വനിതാ പങ്കാളിത്തം വർധിപ്പിക്കുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കേരള ജനസംഖ്യയിൽ ഏതാണ്ട് ഒരു കോടി എൺപത്തേഴ് ലക്ഷം സ്ത്രീകൾ ഉണ്ട്. കാർഷിക വികസനം ലക്ഷ്യമാക്കിയുള്ള സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ചുരുങ്ങിയത് 33 ശതമാനം ഗുണഭോക്താക്കളെങ്കിലും വനിതകൾ ആകണമെന്ന് നിബന്ധനയുണ്ട്. കൃഷിവകുപ്പ് മുഖേന നടപ്പിലാക്കുന്ന എല്ലാ കാർഷിക വികസന പദ്ധതികളിലും ചെറുകിട നാമമാത്ര കർഷക വിഭാഗത്തിൽ പെടുന്ന എല്ലാ കർഷകർക്കും (സ്ത്രീ പുരുഷ ഭേദമെന്യേ) പങ്കാളികളാകാവുന്നതാണ്. എന്നിരുന്നാലും, കൂടുതൽ സ്ത്രീകളെ കാർഷിക മേഖലയിൽ കൊണ്ടുവരുന്നതിന് ഇടപെടലുകൾ നടത്തിവരുന്നുണ്ട്. കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപനത്തിൽ ഉൾപ്പെട്ട "കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപ്പാദന പരിപാടികൾക്കുള്ള ഉൽപ്പാദന പൂർവ്വ പിന്തുണ (Farm Plan based Production Programme -Pre Production support)" എന്ന പദ്ധതിയിൽ തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളിൽ 50 ശതമാനം സ്ത്രീകളായിരിക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്. സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി വീട്ടുവളപ്പിലെ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഘടകത്തിൽ സൗജന്യമായി പച്ചക്കറിവിത്തുകളും തൈകളും നൽകുമ്പോൾ സ്ത്രീകൾക്കും നൽകാറുണ്ട്. നെൽകൃഷി വികസന പദ്ധതിയിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് നിർദ്ദേശം നിലവിലുണ്ട് . കൃഷിവകുപ്പ് നടപ്പിലാക്കുന്ന ഡി.പി.ആർ. ക്ലിനിക്കുകളിലൂടെയും പുഷ്പകൃഷി, കൂൺകൃഷി, ഔഷധസസ്യ കൃഷി, ഭക്ഷ്യസംസ്കരണം മുതലായ മേഖലകളിൽ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന വനിതകൾ അടക്കമുള്ള കർഷകർക്ക് ബാങ്കുകളിൽ സമർപ്പിക്കുവാനുള്ള പ്രൊജെക്ടുകൾ തയ്യാറാക്കുവാനും സഹായം നൽകി വരുന്നുണ്ട്.

**(ബി)** വനിതകളുടെയും വനിതാ കൂട്ടായ്മകളുടെയും കാർഷിക മേഖലയിലെ പങ്കാളിത്തത്തെ പിന്തുണയ്ക്കുന്നതിനായി വനിതാ കർഷക കൺസോർഷ്യം ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഐക്യരാഷ്ട്രസഭ 2026 വർഷം അന്താരാഷ്ട്ര വനിതാകർഷക വർഷമായി ഔദ്യോഗികമായി പ്രഖ്യാപിച്ചതിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് സംസ്ഥാന സർക്കാർ

2027 ലെ പുതുക്കിയ ബജറ്റിൽ കൃഷി വകുപ്പിന്റെ വാർഷിക പദ്ധതിയിൽ "കൃഷി സഖി" എന്ന ഒരു പുതിയ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

2026-27 സാമ്പത്തിക വർഷത്തിൽ കൃഷിസഖി - വനിതാ കർഷക വികസന പരിപാടിക്കായി ₹350.00 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലും നിലവിലുള്ളതും സാധ്യതയുള്ളതുമായ വനിതാകർഷക സംഘങ്ങളെ കണ്ടെത്തി അവരെ കാർഷികസംരംഭങ്ങളിലേക്കും കാർഷിക പ്രവർത്തനങ്ങളിലേക്കും സംയോജിപ്പിക്കുന്നതിലൂടെ വനിതാ കർഷകരെ കേരളത്തിലെ കാർഷിക മേഖലയിലെ ഒരു നിർണായക ശക്തിയാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഉൽപ്പാദനം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം, വിതരണം എന്നിവയുൾപ്പെടെ മുഴുവൻ കാർഷിക മൂല്യ ശൃംഖലയെയും ഉൾക്കൊള്ളുന്ന ഈ പദ്ധതിയിലൂടെ കാർഷിക മേഖലയിലെ സ്ത്രീകളെ ശാക്തീകരിക്കുവാൻ പരിപാടി വിഭാവനം ചെയ്യുന്നു. നെല്ല്, പച്ചക്കറികൾ, പഴങ്ങൾ, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയ വിളകളുടെ കൃഷി പോലുള്ള കാർഷിക പ്രവർത്തനങ്ങളിലും മൂല്യവർദ്ധനവിനും, സംസ്കരണത്തിനും വനിതാ ഗ്രൂപ്പുകളെ പിന്തുണയ്ക്കുവാൻ ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു. സ്ത്രീ സംരംഭകത്വം ശക്തിപ്പെടുത്തുക, കൃഷിയധിഷ്ഠിത ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുക, സാങ്കേതികവിദ്യയും ധനസ്രോതസ്സുകളും ലഭിക്കുവാനുള്ള മാർഗ്ഗങ്ങൾ ഉറപ്പാക്കുക, സംസ്ഥാനത്തുടനീളം സ്ത്രീകൾ നയിക്കുന്ന കാർഷിക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നിവയും ഈ പദ്ധതി ലക്ഷ്യമിടുന്നു.

കൃഷി സഖി പദ്ധതിക്കായി വകയിരുത്തിയ ₹350 ലക്ഷം രൂപയിൽ, സംസ്ഥാനത്ത് വനിതാ കൺസോർഷ്യവും വനിതാ കർഷക ഗ്രൂപ്പുകളും സ്ഥാപിക്കുന്നതിനായി ₹100 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി, കാർഷിക മേഖലയിലെ സ്ത്രീകൾ നയിക്കുന്ന സംരംഭങ്ങളെ ഏകോപിപ്പിക്കുകയും മാർഗനിർദേശം നൽകുകയും ചെയ്യുന്ന സംസ്ഥാനതല വനിതാ കൺസോർഷ്യം രൂപീകരിക്കും. പ്രാദേശികമായി അനുയോജ്യമായ കാർഷിക പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വനിതാ ക്ലസ്റ്ററുകൾ പ്രോത്സാഹിപ്പിക്കുകയും, അവയുടെ കീഴിൽ വനിതാ കർഷക ഗ്രൂപ്പുകൾ സംഘടിപ്പിക്കുകയും ചെയ്യും. ഈ ക്ലസ്റ്ററുകൾ നെല്ല്, പച്ചക്കറി, മൂല്യവർദ്ധന, കാർഷിക-നഴ്സറികൾ, പുഷ്പകൃഷി, തേനീച്ച വളർത്തൽ, കൂൺ കൃഷി തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കും. ഗ്രൂപ്പുകൾ/ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനും രജിസ്ട്രേഷൻ ചെയ്യുന്നതിനും, ശേഷി വർദ്ധിപ്പിക്കുന്നതിനും സംരംഭകത്വ പരിശീലനം നൽകുന്നതിനും, സാങ്കേതിക മാർഗനിർദ്ദേശം നൽകുന്നതിനും സംസ്ഥാനതല വനിതാ കൺസോർഷ്യം പിന്തുണ നൽകും. കൂടാതെ, ക്ലസ്റ്റർ അധിഷ്ഠിത ബിസിനസ് മോഡലുകളുടെ വികസനം, വിപണി ബന്ധങ്ങൾ എന്നിവയ്ക്കും പിന്തുണ ലഭ്യമാക്കും.

**(സി)** സ്ത്രീകൾക്കും സ്ത്രീകൂട്ടായ്മകൾക്കും മികച്ച ഇടപെടലും വരുമാനവും സാധ്യമാകുന്ന കാർഷിക മേഖലകൾ ഏതൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ; പഴം, പച്ചക്കറി, തേനീച്ച കൃഷി എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** കാർഷിക മേഖലയിൽ ഉത്പാദനം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം തുടങ്ങിയ എല്ലാ മേഖലകളിലും സ്ത്രീകൾക്കും സ്ത്രീകൂട്ടായ്മകൾക്കും മികച്ച ഇടപെടൽ നടത്താനും മികച്ച വരുമാനം നേടാനും സാധിക്കും. നെല്ല്, പച്ചക്കറികൾ, പഴങ്ങൾ, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ,ചെറുധാന്യങ്ങൾ ,പൂക്കൾ, ഔഷധ സസ്യങ്ങൾ തുടങ്ങിയ വിളകളുടെ കൃഷി, മൂല്യവർദ്ധനവ്, സംസ്കരണം, കാർഷിക-നഴ്സറികൾ, സംയോജിത കൃഷി, തേനീച്ച വളർത്തൽ,കൂൺകൃഷി എന്നിവയിൽ പ്രത്യേക ഊന്നൽ നൽകുവാൻ 'കൃഷി സഖി' പദ്ധതിയിൽ ഉദ്ദേശിക്കുന്നു. നിലവിൽ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ വഴി കൂൺഗ്രാമം (Mushroom Village) എന്ന പദ്ധതി വനിതകൾ അടക്കമുള്ള കർഷകരുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നുണ്ട്.

**(ഡി)** ഉല്പാദനം, സംസ്കരണം, വിപണനം എന്നിവയുൾപ്പെടെയുള്ള കാർഷികവൃത്തിയുടെ സമഗ്ര മേഖലകളിലും സ്ത്രീ സംരംഭകത്വം പ്രോത്സാഹിപ്പിക്കാനും അവർക്ക് സാമ്പത്തിക പിന്തുണ ഉറപ്പാക്കാനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**മറുപടി:** സ്വീകരിക്കും. 'കൃഷി സഖി' പദ്ധതിയിലൂടെ സ്ത്രീ സംരംഭകത്വം ശക്തിപ്പെടുത്തുക, കൃഷിയധിഷ്ഠിത ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുക, സാങ്കേതികവിദ്യയും ധനസ്രോതസ്സുകളും ലഭിക്കുവാനുള്ള മർഗ്ഗങ്ങൾ ഉറപ്പാക്കുക, സംസ്ഥാനത്തുടനീളം സ്ത്രീകൾ നയിക്കുന്ന കാർഷിക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നിവ ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**